വഹിച്ച, വഹിച്ചുകൊണ്ടിരിക്കുന്ന പങ്കിനെയും അംഗീകരിക്കണം.

ഇംഗ്ലീഷും ഹിന്ദിയുമൊക്കെയാണ് മലയാളത്തെ തളർത്തുന്നതെന്ന വാദം തെറ്റാണ്. ഇവയെല്ലാം നമ്മുടെ ഭാഷയെ സമ്പന്നമാക്കിയിട്ടേയുള്ളു. നമുക്ക് പുതിയ കണ്ണും കാതും കരളും തന്നത് ഇംഗ്ലീഷാണ്. നമ്മുടെ ഒട്ടുമിക്ക സാഹിത്യ മാതൃകകളും സരണികളുമുണ്ടായത് ഇംഗ്ലീഷിൽ നിന്നാണ്. അതുകൊണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും കലാലയങ്ങളും മലയാള ഭാഷാവളർച്ചയ്ക്കൊരു ഭീഷണിയല്ല. കുട്ടികളുടെ പഠനഭാരം കുറയ്ക്കാൻ എട്ടുവരെ മലയാളം മീഡിയം മതി എന്നത് അംഗീകരിക്കാം. അതിനുശേഷം ഇംഗ്ലീഷുണ്ടായാലേ നമ്മുടെ കുട്ടികൾ ദേശീയ നിലവാരത്തിലേക്കു മത്സരപരീക്ഷകളിലും മറ്റും ഉയരാനൊക്കൂ. ഇംഗ്ലീഷറിയാത്ത നമ്മുടെ ദേശീയ നേതാക്കന്മാർ അന്യ സംസ്ഥാനങ്ങളിലെത്തുമ്പോൾ വെള്ളം കുടിക്കുന്നത് നാം അടുത്തകാലത്ത് ധാരാളമായി കാണുന്നില്ലേ? ഭാഷാവിരോധമല്ല, ഭാഷാ സ്നേഹമാണ് അത്യാവശ്യം. ആ അർഥത്തിൽ ത്രിഭാഷാ പദ്ധതി തുടരണം. നമ്മുടെ ഇന്നത്തെ അപകടം ഇംഗ്ലീഷു സ്കൂളുകളിൽ ഇംഗ്ലീഷില്ല. മലയാളം സ്കൂളുകളിൽ ഒരു ഭാഷയുമില്ല എന്നതാണ്. കേരളത്തിലെ എല്ലാ സ്കൂളുകളിലും വേണ്ടത് മലയാളം അന്തരീക്ഷമാണ്. അത് ഇംഗ്ലീഷ് പഠിപ്പിക്കുന്ന സ്കൂളുകളിലും ഉണ്ടാക്കാം. വിദേശത്തും മലയാളിത്തം കൃഷ്ണമണി പോലെ കാത്തു കഴിയുന്നവരുണ്ടല്ലോ.

# മലയാളത്തിന്റെ യഥാർത്ഥ പ്രശ്നം

## സ്കറിയ സക്കറിയ

ഭാഷ എന്തിനുപയോഗിക്കുന്നു എന്നത് പ്രസക്തമാണ്. ഉള്ളടക്കത്തിൽ അപൂർവതയുള്ള ഒരു ഭാഷയ്ക്ക് രൂപത്തിൽ അപൂർവത കൂടിയേ തീരൂ. പഴയ രൂപത്തിൽ പുതിയ ആശയങ്ങൾ നൽകാം എന്ന ധാരണ കാലഹരണപ്പെട്ടു. കാരണം ഭാഷയിൽ നിന്ന് അന്യമായ ചിന്ത എന്ന ധാരണ തന്നെ ഇന്നു നിരാകരിക്കപ്പെട്ടിരിക്കുന്നു. ഭാഷയിലൂടെ ഉരുത്തിരിഞ്ഞു വരുന്ന ചിന്ത എന്ന ധാരണ പ്രബലപ്പെടുമ്പോൾ, നമ്മുടെ കവികൾ ഇതു കാണിച്ചു തരുമ്പോൾ, മലയാളത്തിലെ അവിസ്മരണീയനായ കുമാരനാശൻ ഇതു കാണിച്ചു തന്നിരിക്കെ നമുക്കു ഭാഷയെ കുറിച്ച് ഇങ്ങനെ വേവലാതിപ്പെടാൻ കഴിയുന്നു. ആനന്ദും വി.കെ. എന്നും, മുമ്പു കുമാരനാശനും ഭാഷയിൽ കാണിച്ച അതിക്രമങ്ങൾ കൊണ്ടാണ് മലയാളം ഇന്നു ജീവിക്കുന്നത്. നമ്മുടെ പത്രക്കാരും ടെലിവിഷൻകാരും, സിനിമാക്കാരും കാട്ടുന്ന അതിക്രമങ്ങൾ കൊണ്ടായിരിക്കും നാളെ ഈ ഭാഷ ജീവിക്കുക. മറിച്ചാണെങ്കിൽ ശവക്കുഴിയിൽ കിടന്നുകൊണ്ടു നമ്മളീ ഭാഷയെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന വരുതിക്ക് ഈ ഭാഷ നിൽക്കുകയാണെങ്കിൽ അതു മലയാളത്തിന്റെ ശാപമായിരിക്കും.

മറ്റൊന്നുകൂടി സൂചിപ്പിക്കാനുള്ളതു വൈവിധ്യങ്ങൾ നിറഞ്ഞ ഒരു ലോകത്തിലാണു നാം ജീവിക്കുന്നത്. ഇന്ന് ഊർജതന്ത്രം എഴുതുന്ന ഒരു പ്രഫസറുടെ മലയാളം എനിക്കു മനസ്സിലാകുന്നില്ലെങ്കിൽ ഞാൻ വിനയത്തോടെ എനിക്ക് ഊർജതന്ത്രം അറിഞ്ഞുകൂടാ എന്നു സമ്മതിക്കുന്നതിനുപകരം അയാളെ തിരുത്താൻ ഒരുമ്പെടുന്നതു മോശമാണ്.

ഇന്നു ജേർണലിസം കൈകാര്യം ചെയ്യുന്ന ഒരാൾക്ക് ആഗമവിദ്യയെക്കുറിച്ചു ലേഖനം എഴുതുമ്പോൾ ഇന്നലെ വരെ പരിചയമില്ലാതിരുന്ന പല വാക്കുകളും എഴുതേണ്ടിവരും. പല വാക്യമാതൃകകൾ സ്വീകരിക്കേണ്ടിവരും. അതിനെ അംഗീകരിക്കാനുള്ള വിനയമാണു നമുക്കുണ്ടാകേണ്ടത്. ഈ വിനയമില്ലാത്ത അവസ്ഥയിൽ ഹാരീസ് എന്തെഴുതിയാലും പല അക്ഷരത്തെറ്റുകൾ തേടി ഞാൻ നടക്കും. ഹാരീസ് പറയുന്ന ഒരു പുതിയ ആശയംപോലും എനിക്കുൾക്കൊള്ളാൻ കഴിയില്ല. ഈ ദാരിദ്ര്യം, വിനയത്തിന്റെ ദാരിദ്ര്യം ഇന്നു മലയാളത്തിൽ നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

ഇവിടെ ആരെല്ലാം വിലക്കിയാലും ശരി അതിനെ നിഷേധിച്ചുകൊണ്ടു കടന്നുപോകാൻ കെല്പുള്ള ഒരു പുതിയ തലമുറ കടന്നു വന്നിട്ടുണ്ട്. ഇവിടെ സംസാരിച്ചവർ സൂചിപ്പിച്ചപോലെ ഞങ്ങൾ ക്ലാസ്സിൽ മുൻഷിമാരുടെ മുന്നിലിരുന്നു മലയാളം പഠിക്കുന്നില്ല. പക്ഷേ ഞങ്ങളാണ് മലയാളം ഭരിക്കുന്നത്. മലയാളത്തിലെ പ്രസിദ്ധനായ കവിയാണു പറഞ്ഞത് ഞാൻ മലയാളം പഠിച്ചില്ല പക്ഷേ ഞാൻ മലയാളത്തിലെ നല്ല കവികളിൽ ഒരാളാണ്. ഇന്നു ശാസ്ത്രം കൈകാര്യം ചെയ്യുന്നവരും പത്രഭാഷ എഴുതുന്നവരുമാണ് മലയാളം കൈകാര്യം ചെയ്യുന്നത്. ഇന്ന് പരസ്യഭാഷ, ഇത്ര ശക്തമായ ഭാഷ-എഴുതുന്നവരിലാരുണ്ടു മലയാളം വ്യാകരണം പഠിച്ചവർ. ഈ കാഴ്ചപ്പാടു നാം ഉൾക്കൊള്ളണം. വൈവിധ്യങ്ങളെ അംഗീകരിക്കാനുള്ള സന്നദ്ധത മറ്റുഭാഷക്കാരെ നോക്കി നമുക്കു പഠിച്ചുകൂടെ. ഇവിടെ സ്പെല്ലിംഗ് എങ്ങനെയിരിക്കുന്നു എന്നതിനെ കുറിച്ചു പറഞ്ഞു. അമേരിക്കൻ ഇംഗ്ലീഷിന്റെയും ബ്രിട്ടീഷ് ഇംഗ്ലീഷിന്റെയും സ്പെല്ലിംഗ് ഏകീകരിക്കണമെന്നു സായ്പിനു വാശി തോന്നുന്നില്ല എന്നോർത്തിട്ടു നമുക്കു കുറെയൊക്കെ വിട്ടുവീഴ്ച ഇക്കാര്യത്തിൽ ചെയ്യേണ്ടിവരുമെന്നു സമ്മതിക്കുക.

നമ്മുടെ ഭാഷ വളരണമെങ്കിൽ ഇത്തരം ബന്ധനങ്ങളിൽനിന്ന് ഈ ഭാഷയ്ക്കു മോചനം കൊടുക്കുന്ന ഒരു സാംസ്കാരിക കാലാവസ്ഥ നമുക്കുണ്ടാകണം. ഇതിനുവേണ്ടി പരിശ്രമിക്കുമ്പോൾ ഇത് ഭാഷയുടെ പ്രശ്നമല്ല, സാംസ്കാരിക നവീകരണത്തിന്റെ പ്രശ്നമാണ്. അത്തരം ഒരു നവീകരണത്തെ കുറിച്ചു ചിന്തിക്കുകയും, പരമ്പരാഗതമായി നമുക്കു ലഭിച്ച ആധിപത്യവാസനകളെ വെറുക്കുകയും, എന്നാൽ നമ്മുടെ പാരമ്പര്യത്തിൽതന്നെ പരിവർത്തനത്തിന്റെ ചില ബീജങ്ങൾ ഉണ്ട് എന്നു തിരിച്ചറിയുകയും വേണം. ഇവിടെ ഭരണഭാഷയെ കുറിച്ചാരോ സംസാരിച്ചല്ലോ. ഈ ഭരണഭാഷയ്ക്ക് നേരത്തെ മാതൃക വല്ലതുമുണ്ടോ? തിരുവിതാംകൂറിൽ ജനിച്ചുവളർന്ന നമ്മൾ നമ്മുടെ അഹന്തകൊണ്ടു ഭരണഭാഷയ്ക്കു മറ്റൊന്നും ആകയില്ലാ എന്ന തെറ്റിദ്ധാരണ സൃഷ്ടിക്കുകയാണ്. മല ബാറിൽ ഒന്നാംതരം ഭരണഭാഷയുണ്ടായിരുന്നു. ബ്രിട്ടീഷുകാരിവിടെ വന്നപ്പോൾ പൂർണവികാസം പ്രാപിച്ച ഭരണഭാഷ ഇവിടെ ഉണ്ടായിരുന്നെന്ന് ഇന്ന് ആയിരക്കണക്കിനു പേജുകൾ എഴുതി സമർഥിക്കാൻ കഴിയും. അതിൽനിന്ന് പ്രചോദനം ഉൾക്കൊള്ളാൻ തിരുവനന്തപുരത്തു സെക്രട്ടേറിയറ്റിലിരുന്ന് ഭരണഭാഷ ഉണ്ടാക്കുന്നവർക്കു വിനയമില്ല. സന്മനസ്സില്ല. അവർ ഇംഗ്ലീഷിൽ സായിപ്പെഴുതിയതിന് സംസ്കൃത നിഘണ്ടുവച്ചുകൊണ്ടു തർജമ ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. മലബാറിന്റെ പാരമ്പര്യത്തിൽനിന്ന് ആയിരം വാക്കുകൾ കടംകൊണ്ടു നമുക്കു ഭരണഭാഷ രൂപീകരിക്കാൻ കഴിയും. ഇത്തരം കാര്യങ്ങളിൽ പാരമ്പര്യത്തോട് കൂറ് പുലർത്തുകയും എന്നാൽ ഭാവിയിലേക്കു നോക്കിക്കൊണ്ടു പ്രവർത്തിക്കുകയും ചെയ്യാനുള്ള ഹൃദയവിശാലത നമുക്കുണ്ടാകണം എന്നാണ് എന്റെ പക്ഷം.



സ്കറിയ സക്കറിയ